## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7890 — 23/7/2012 ൽ മറുപടിക്ക്

**സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ ജോലിഭാരവും ആനുകൂല്യങ്ങളും**

ചോദ്യം — മറുപടി

ശ്രീ ജെയിംസ് മാത്യു :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) കേരളപോലീസിൽ എസ്.ഐ.മാരിൽ എസ്.എച്ച്.ഒ (സ്റ്റേഷൻ ഹൗസ് ഓഫീസർ) മാരായി പ്രവർത്തിക്കുന്ന എത്ര പേരുണ്ട്; | (എ) 456 പേർ |
| (ബി) എസ്.ഐ.മാരിൽ നിന്നും എസ്.എച്ച്.ഒ മാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണ്; | (ബി) 30.1.2012 ൽ നടന്ന പോലീസ് എസ്റ്റാബ്ളിഷ്മെന്റ് ബോർഡ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ സ്റ്റേഷനിലുമുള്ള എസ്.ഐ മാരിൽ സർവ്വീസിൽ മുതിർന്ന എസ്.ഐ യെ എസ്.എച്ച്.ഒ ആയി നിയമിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് സംസ്ഥാന പോലീസ് മേധാവി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് |
| (സി) എസ്.എച്ച്.ഒ.മാർക്ക് ലഭിക്കുന്ന അധിക ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; | (സി) എസ്.എച്ച്.ഒ മാർക്ക് 250 രൂപ സ്പെഷ്യൽ അലവൻസായി നൽകി വരുന്നുണ്ട്. |
| (ഡി) പ്രസ്തുത വിഭാഗം ജീവനക്കാരുടെ ജോലിഭാരം കണക്കിലെടുക്കുമ്പോൾ നല്കുന്ന ആനുകൂല്യം തീർത്തും പരിമിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. |
| (ഇ) എങ്കിൽ എസ്.എച്ച്.ഒ.മാരുടെ ആനുകൂല്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) പരാതി ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ